35 (610) കോട്ടയത്തെ പ്രിയദർശിനി സ്പിന്നിംഗ് മിൽ

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ മീനടം പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ല് എന്നാണ് രജിസ്റ്റർ ചെയ്തത്;

(ബി) ഈ മില്ലിനുവേണ്ടി ഗവൺമെന്റിൽനിന്നും എത്ര രൂപയാണ് ഓഹരി മൂലധനമായി നൽകുവാൻ നിശ്ചയിച്ചത്. അതിൽ എത്ര രൂപ കൊടുത്തുവെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓഹരി മൂലധനമായി എത്ര രൂപ സമാഹരിക്കുവാനാണ് നിശ്ചയിച്ചത് എന്നും അതിൽ എത്ര സമാഹരിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ടേംലോൺ ആയി എത്രരൂപ ലഭ്യമാക്കാനാണ് ഈ പ്രോജക്ടിന് രൂപം കൊടുത്ത അവസരത്തിൽ ഉദ്ദേശിച്ചത്;

(ഇ) ഈ തുക ലോണായി അനുവദിച്ച് കിട്ടുന്നതിന് ഈ സ്ഥാപനം എന്നാണ് സംസ്ഥാന സഹകരണ ബാങ്കിന് അപേക്ഷ സമർപ്പിച്ചത് ലോൺ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വിശദമാക്കുമോ;

(എഫ്) ലോൺ തുക കോട്ടയം ജില്ലാ സഹകരണബാങ്കുവഴി നൽകുന്നതിന് സംസ്ഥാന സഹകരണ ബാങ്ക് തീരുമാനിച്ചിട്ടുണ്ടോ;

(ജി) ജില്ലാ സഹകരണ ബാങ്ക് ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സം ഉന്നയിച്ചിട്ടുണ്ടോ എങ്കിൽ വ്യക്തമാക്കുമോ;

(എച്ച്) ഈ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാം പരാതിയെന്നും എന്തെല്ലാം പരാതികൾ എന്നും വ്യക്തമാക്കുമോ;

(ഐ) ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ജെ) ഈ മില്ലിന്റെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കുവാൻ എന്തു നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31.1.1994 ൽ രജിസ്റ്റർ ചെയ്തു.

(ബി) പ്രോജക്ട് റിപ്പോർട്ടുപ്രകാരം 325 ലക്ഷം രൂപയാണ് 15.2.1997 ന് സർക്കാർ വിഹിതമായ 325 ലക്ഷം രൂപയും കൊടുത്തുതീർത്തു.

(സി) പ്രോജക്ട് റിപ്പോർട്ടുപ്രകാരം സംരംഭകരുടെ വിഹിതമായി 80 ലക്ഷം രൂപ സമാഹരിക്കാനാണ് നിശ്ചയിച്ചത്. സഹകരണ സ്ഥാപനങ്ങളിൽനിന്ന് 7.44 ലക്ഷം രൂപയും മറ്റു വ്യക്തികളിൽനിന്ന് 59.20 ലക്ഷം രൂപയും ആണ് ഓഹരി മൂലധനത്തിലേക്ക് സമാഹരിച്ചിട്ടുള്ളത്.

(ഡി) പ്രോജക്ട് റിപ്പോർട്ടുപ്രകാരം 400 ലക്ഷം രൂപയാണ് കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ടേംലോൺ ആയി ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ടേംലോണിനുള്ള അപേക്ഷ സംസ്ഥാന സഹകരണ ബാങ്കിന് സമർപ്പിച്ചത്. 1996 ഡിസംബർ 19-ാം തീയതിയാണ്. ലോൺ അനുവദിച്ചിട്ടില്ല. സംസ്ഥാന സഹകരണ ബാങ്ക് ഉന്നയിച്ച ചില വ്യവസ്ഥകൾ ജില്ലാ ബാങ്ക് അംഗീകരിക്കാത്തതുകൊണ്ടാണ് ലോൺ അനുവദിക്കാത്തത്.

(എഫ്)കോട്ടയം ജില്ലാ സഹകരണ ബാങ്ക് വഴി സംസ്ഥാന സഹകരണ ബാങ്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി ടേംലോൺ നൽകുവാൻ തയാറാണെന്ന് അറിവുണ്ട്.

(ജി) സ്പിന്നിംഗിൽ തിരിച്ചടക്കേണ്ട തുക യഥാസമയത്ത് തിരിച്ചടച്ചില്ലെങ്കിൽ ജില്ലാ സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ നിന്നും ഈ തുക ഡെബിറ്റ് ചെയ്യാൻ സംസ്ഥാന സഹകരണ ബാങ്കിനെ അനുവദിക്കുകയില്ല എന്ന തടസ്സമാണ് ജില്ലാ സഹകരണ ബാങ്ക് ഉന്നയിച്ചിട്ടുള്ളത്.

(എച്ച്) ഇല്ല

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) ജില്ലാ സഹകരണ ബാങ്കും മറ്റും ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച നടത്തി വേഗത്തിൽ ഇതു നടപ്പാക്കണമെന്നു മന്ത്രിതലത്തിൽ യോഗം കൂടി ബന്ധപ്പെട്ടവരോടാവശ്യപ്പെട്ടിട്ടുണ്ട്.

36 (611) കായംകുളം സഹകരണ സ്പിന്നിംഗ് മില്ലിന്റെ രണ്ടാംഘട്ട വികസനം

<u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തുള്ള സഹകരണ സ്പിന്നിംഗ് മില്ലിന്റെ രണ്ടാം ഘട്ട വികസനത്തിന് വ്യവസായ വകുപ്പ് എന്തെല്ലാം സഹായ സഹകരണങ്ങളാണ് ഇതുവരെ നൽകിയിട്ടുള്ളത്;

(ബി) 1999 ജൂലൈയിൽ രണ്ടാംഘട്ട വികസനത്തിന്റെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച് ഏഴുമാസമായിട്ടും വ്യവസായ വകുപ്പിൽനിന്ന് ഔദ്യോഗികമായി യാതൊരു പ്രതികരണവും ഉണ്ടാകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാരിന്റെ കാലത്തുതന്നെ മില്ലിന്റെ രണ്ടാംഘട്ട വികസനം നടത്തി പന്ത്രണ്ടായിരം സ്പിൻഡിൽ ഉത്പാദനം നടത്തണമെന്ന വ്യവസായ ലക്ഷ്യം കൈവരിക്കുന്നതിൽ വ്യവസായ വകുപ്പ് ആവശ്യമായ മുൻകൈയെടുക്കാൻ തയാറാകുമോ?

<u>ഉത്തരം</u>

(എ,ബി&സി) ആലപ്പി കോ- ഓപ്പറേറ്റീവ് സ്പിന്നിഗ് മിൽ ലിമിറ്റഡ് ഒന്നാംഘട്ടം പൂർത്തിയാക്കിയത് പ്രോജക്ടിൽ വിഭാവനം ചെയ്തതിൽ കൂടുതൽ സമയവും ധനവും ഉപയോഗിച്ചാണ്. മിൽ വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങിയത് 1999 നവംബർ മുതലാണ്. ആയതിനാൽ ഒന്നാം ഘട്ടത്തിലെ പ്രവർത്തനം വിലയിരുത്തിയതിനുശേഷമേ രണ്ടാം ഘട്ട വികസനം നടപ്പാക്കാനാവൂ. ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനം വിലയിരുത്തിവരുന്നതേയുള്ളൂ. അതിനുശേഷം രണ്ടാംഘട്ട വികസനത്തെപറ്റി പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly